ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 31.10.2025**

## പ്രധാനവാർത്തകൾ

1) സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് രാജ്യമെങ്ങും വിപുലമായ പരിപാടികൾ. രാജ്യത്തിന്റെ ഐക്യത്തെ ദുർബലപ്പെടുത്തുന്ന ചിന്തകളും, പ്രവൃത്തികളും ഒഴിവാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2) അഞ്ചാമത് ദേശീയ മറീൻ ഫിഷറീസ് സെൻസസിന്റെ ഭാഗമായ ഭവനതല വിവരശേഖരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കൊച്ചിയിൽ നിർവഹിച്ചു

3) കേരളം രാജ്യത്തെ ആദ്യ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും

4) കേരളപ്പിറവി ആഘോഷങ്ങൾക്കൊരുങ്ങി സംസ്ഥാനം. നിയമസഭ നാളെ പ്രത്യേക സമ്മേളനം ചേരും.

5) ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിന്റെ വെർച്വൽ ക്യൂ ബുക്കിംഗ് നാളെ മുതൽ ആരംഭിക്കും

6) ഇന്ത്യ-ഓസിസ് ടി-20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഓസ്ട്രേലിയയ്ക്ക് വിജയം.

RNU TVPM

*******************************************

## രാഷ്ട്രീയ ഏകത

സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ 150-ാാം ജന്മവാർഷികത്തോട് അനുബന്ധിച്ച് രാജ്യമെങ്ങും വിപുലമായ പരിപാടികൾ. രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയുമുൾപ്പെടെയുള്ള മുതിർന്ന നേതാക്കൾ സർദാർ പട്ടേലിന് ആദരാഞ്ജലികൾ അർപ്പിച്ചു. ന്യൂഡൽഹി പട്ടേൽ ചൗക്കിലെ, അദ്ദേഹത്തിന്റെ പ്രതിമയിൽ രാഷ്ട്രപതി ദ്രൗപദി മുർമു പുഷ്പാർച്ചന നടത്തി. ഗുജറാത്തിലെ ഏക്താ നഗറിൽ നടന്ന ആഘോഷങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നൽകി. ഏക്താ പ്രതിമയിൽ പുഷ്പാർച്ചന നടത്തിയ പ്രധാനമന്ത്രി ഏക്താ പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു. ബിഎസ്എഫ്, സിആർപിഎഫ് തുടങ്ങിയ സായുധ സേനാ വിഭാഗങ്ങളും, സംസ്ഥാന പോലീസ് സേനകളും പങ്കെടുത്ത ഏക്താ പരേഡിനും അദ്ദേഹം സാക്ഷ്യം വഹിച്ചു. രാജ്യത്തിന്റെ ഘടനയെ ദുർബലപ്പെടുത്തുന്ന ചിന്തകളെയും, പ്രവൃത്തിയെയും ഓരോ പൗരനും അവഗണിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു. ദിനാഘോഷത്തോടനുബന്ധിച്ച് രാജ്യമെമ്പാടും ഐക്യത്തിനായുള്ള കൂട്ടയോട്ടവും സംഘടിപ്പിച്ചു.

RNU TVPM

*************************************************

## കേരളം ഏകത

ഏകതാ ദിനത്തോടനുബന്ധിച്ച് കേരളത്തിലും ഇന്ന് വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് കവടിയാർ വിവേകാനന്ദ പ്രതിമക്ക് സമീപത്തു നിന്ന് ആരംഭിച്ച പദയാത്ര ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു. മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ പദയാത്രയ്ക്ക് നേതൃത്വം നൽകി. കൊച്ചി വെളിയനാട് ചിന്മയ വിശ്വ വിദ്യാപീഠത്തിൽ നടന്ന യുണിറ്റി മാർച്ചിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പങ്കെടുത്തു.

കേരള പോലീസും സംസ്ഥാനത്തുടനീളം ഐക്യത്തിനായുള്ള കൂട്ടയോട്ടം സംഘടിപ്പിച്ചു.

*******************************************

## ജോർജ് കുര്യൻ (ഇൻട്രോ)

അഞ്ചാമത് ദേശീയ മറീൻ ഫിഷറീസ് സെൻസസിന്റെ ഭാഗമായ ഭവനതല വിവരശേഖരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ കൊച്ചി CMFRI യിൽ നിർവഹിച്ചു. പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലാണ് ഇക്കുറി സെൻസസ് നടപ്പാക്കുന്നതെന്ന് ഇതോടനുബന്ധിച്ച് നടന്ന ശിൽപശാലയിൽ മന്ത്രി വ്യക്തമാക്കി. ശാസ്ത്രത്തിൻറെയും, സാങ്കേതിക വിദ്യയുടെയും പ്രയോജനം ജനങ്ങൾക്ക് ലഭിക്കണമെന്ന നിലപാടാണ് കേന്ദ്രസർക്കാരിനുള്ളതെന്നും മന്ത്രി പറഞ്ഞു.

(ഹോൾഡ്)

സുസ്ഥിര മത്സ്യബന്ധന പരിപാലനത്തിനും നയരൂപീകരണത്തിനും നിർണ്ണായകമായ വിവരങ്ങൾ ലഭ്യമാക്കുകയാണ് മറീൻ ഫിഷറീസ് സെൻസസിന്റെ ലക്ഷ്യം. രാജ്യത്തെ 12 ലക്ഷത്തിലധികം മത്സ്യത്തൊഴിലാളി വീടുകളിൽ നിന്ന് ഇതിൻറെ ഭാഗമായി വിവരങ്ങൾ ശേഖരിക്കും.

*******************************************

## ഡി.എ വർധിപ്പിച്ചു

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത 4 ശതമാനം ഉയർത്തി ധനവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചു. വർധിപ്പിച്ച ഡിഎ ഒക്ടോബറിലെ ശമ്പളത്തോടൊപ്പം ലഭ്യമാകും. നവംബർ മാസത്തെ പെൻഷനും ഇത് ബാധകമായിരിക്കും. 18 ഇൽ നിന്നും 22 ശതമാനമായാണ് ഡി.എ വർധിപ്പിച്ചത്.

RNU TVPM

**********************************

## ക്ഷേമ പെൻഷൻ

സംസ്ഥാനത്തെ ക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് നവംബറിൽ 3,600 രൂപ വീതം പെൻഷൻ ലഭിക്കുമെന്ന് ധനമന്ത്രി കെ.എൻ ബാലഗോപാൽ. നവംബർ 20 മുതൽ പെൻഷൻ വിതരണം ആരംഭിക്കും. വർധിപ്പിച്ച 2,000 രൂപ പെൻഷനൊപ്പം, നേരത്തെയുള്ള കുടിശികയിലെ അവസാന ഗഡുവും നൽകും.

**********************************

## അതിദാരിദ്ര്യ മുക്തം

കേരളം രാജ്യത്തെ ആദ്യ അതിദാരിദ്ര്യ മുക്ത സംസ്ഥാനമായതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ ചലച്ചിത്ര താരങ്ങളായ മോഹൻലാൽ, മമ്മൂട്ടി, കമൽഹാസൻ തുടങ്ങിയവർ മുഖ്യാതിഥികളാവും. 2021 മുതൽ ആരംഭിച്ച സുദീർഘമായ പ്രക്രിയയിലൂടെയാണ് സംസ്ഥാന സർക്കാർ ഈ ലക്ഷ്യം കൈവരിച്ചതെന്ന് മന്ത്രി എം ബി രാജേഷ് അറിയിച്ചു.

RNU TVPM

**********************************

## കേരളപ്പിറവി

ഐക്യകേരളം രൂപീകരിച്ച് നാളെ 69 വർഷം പൂർത്തിയാകും. വിപുലമായ ആഘോഷ പരിപാടികളാണ് കേരളപ്പിറവിയോടനുബന്ധിച്ച് സംസ്ഥാനത്ത് നടക്കുന്നത്. ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഗവർണർ രാജേന്ദ്ര ആർലേക്കർ കേരളപ്പിറവി ആശംസകൾ നേർന്നു. നിയമസഭയുടെ പ്രത്യേക സമ്മേളനവും നാളെ വിളിച്ച് ചേർത്തിട്ടുണ്ട്. മലയാളദിന

ഭരണ ഭാഷാവാരാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നിർവഹിക്കും.

*********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*********************************

## ഉപരാഷ്ട്രപതി-കേരള സന്ദർശനം

ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ തിങ്കളാഴ്ച കേരളം സന്ദർശിക്കും. കൊല്ലം ഫാത്തിമ മാത നാഷനൽ കോളജ് ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം അദ്ദേഹം നിർവഹിക്കും. ഉപരാഷ്ട്രപതി ആയ ശേഷമുള്ള ശ്രീ സി.പി രാധാകൃഷ്ണൻറെ ആദ്യ കേരള സന്ദർശനമാണിത്.

RNU TVPM

*********************************

## അധിക സ്റ്റോപ്പുകൾ- ട്രെയിൻ

കേന്ദ്ര റെയിൽവേ മന്ത്രാലയം പരശുറാം എക്സ്പ്രസ്സിന് വൈക്കം റോഡ് റെയിൽവേ സ്റ്റേഷനിലും, ഹംസഫർ എക്സ്പ്രസിന് കായംകുളം സ്റ്റേഷനിലും, അധിക സ്റ്റോപ്പ് അനുവദിച്ചു. ഈ സ്റ്റേഷനുകളിൽ നിന്നുള്ള ട്രെയിനുകളുടെ ഫ്ലാഗ് ഓഫ് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ നിർവ്വഹിക്കും.

*********************************

## ശബരിമല - വെർച്വൽ ക്യൂ

ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനത്തിന്റെ ഭാഗമായി ഭക്തർക്കായുള്ള വെർച്വൽ ക്യൂ ബുക്കിംഗ് നാളെ വൈകുന്നേരം

അഞ്ചുമണി മുതൽ ആരംഭിക്കും. sabarimalaonline.org എന്ന വെബ്സൈറ്റ് വഴിയാണ് സ്ലോട്ട് ബുക്ക് ചെയ്യേണ്ടത്. ഒരു ദിവസം 70,000 ഭക്തർക്കാണ് വെർച്വൽ ക്യൂ വെബ്സൈറ്റ് വഴി സ്ലോട്ട് ബുക്ക് ചെയ്യാൻ സാധിക്കുക.

*********************************

## ഓപ്പറേഷൻ സൈ ഹണ്ട് (ഇൻട്രോ)

സൈബർ കുറ്റകൃത്യങ്ങൾ വ്യാപകമാകുന്ന പശ്ചാത്തലത്തിൽ ഓപ്പറേഷൻ സൈ ഹണ്ട് എന്ന പേരിൽ സംസ്ഥാന പോലീസ് ആരംഭിച്ച റെയ്ഡിൽ കൊച്ചിയിൽ മൂന്ന് വിദ്യാർഥികൾ അറസ്റ്റിൽ. തട്ടിപ്പ് പണം എത്തിയിരുന്നത് കോളേജ് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ്. ഗെയിമിങ്ങിലൂടെ പണം ലഭ്യമാക്കാം എന്ന് കബളിപ്പിച്ചാണ് നിരവധി വിദ്യാർത്ഥികളുടെ അക്കൗണ്ട് വിവരങ്ങൾ തട്ടിപ്പുകാർ വാങ്ങിയതെന്ന് സിറ്റി പൊലീസ് കമ്മിഷണർ പുട്ട വിമലാദിത്യ മാധ്യമങ്ങളോട് പറഞ്ഞു .

(ഹോൾഡ്)

RNI TVPM

തട്ടിപ്പിനായി ഉപയോഗിച്ചിരുന്ന 300-ലേറെ ബാങ്ക് അക്കൗണ്ടുകൾ കൊച്ചിയിൽ നിന്ന് മാത്രം കണ്ടെത്തി. അക്കൗണ്ടുകൾ നൽകിയ കൂടുതൽ വിദ്യാർത്ഥികളുടെ അറസ്റ്റ് ഉണ്ടാകുമെന്ന് പൊലീസ് അറിയിച്ചു.

*********************************

## അടിമാലി മണ്ണിടിച്ചിൽ

അടിമാലി മണ്ണിടിച്ചിലിൻ്റെ പൂർണ്ണ ഉത്തരവാദിത്വം ദേശീയപാത അതോറിറ്റിക്കാണെന്ന് മന്ത്രി റോഷി അഗസ്റ്റിൻ. ദുരന്തബാധിതർക്ക് ദേശീയപാത അതോറിറ്റിയുടെ ഉത്തരവാദിത്വത്തിൽ ഇൻഷുറൻസ് പരിരക്ഷയും വാടക വീടും ഒരുക്കുമെന്നും മന്ത്രി പറഞ്ഞു. കളക്ടറേറ്റിൽ ചേർന്ന

യോഗത്തിന് ശേഷമാണ് മന്ത്രിയുടെ പ്രഖ്യാപനം. അതേ സമയം ദുരിതാശ്വാസ ക്യാമ്പിൽ നിന്നും ആളുകളെ മാറ്റാൻ തീരുമാനിച്ച് തയ്യാറാക്കിയ ലിസ്റ്റിൽ അപാകതയുണ്ടെന്ന് ആരോപിച്ച് ക്യാമ്പിൽ കഴിയുന്നവർ പ്രതിഷേധം ആരംഭിച്ചു. ക്യാമ്പിൽ നിന്ന് മാറില്ലെന്നാണ് പ്രദേശവാസികളുടെ നിലപാട്.

***********************************

## ഇന്ത്യൻ വ്യോമ സേന (ഇൻട്രോ)

ഇന്ത്യൻ വ്യോമ സേന തിരുവനന്തപുരത്തു സംഘടിപ്പിച്ച മെഹർ ബാബ മൽസരങ്ങളും പ്രദർശനവും, തദ്ദേശീയമായി ഡ്രോണുകൾ വികസിപ്പിക്കുന്ന സ്റ്റാർട്ട് അപ്പുകൾ ഉൾപ്പെടെയുള്ള സംരംഭങ്ങളുടെ, മികച്ച ശേഷിയുടെ സാക്ഷ്യപത്രമായി മാറി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്)

RNU TVPM

***********************************

## വോട്ടർപ്പട്ടിക തീവ്ര പുതുക്കൽ

തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് വകുപ്പ് തല നോഡൽ ഉദ്യോഗസ്ഥരുടെയും, ഭിന്നശേഷി അസോസിയേഷൻ ഭാരവാഹികളുടെയും ഓൺലൈൻ യോഗം മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ വിളിച്ചു ചേർത്തു. എസ് ഐ ആർ നടത്തിപ്പിനാവശ്യമായ പൂർണ്ണ സഹകരണം വിവിധ വകുപ്പുകളിൽ നിന്നും മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ തേടി . ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്താനും കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക് അവശ്യ സഹായങ്ങൾ എത്തിക്കാനുമുള്ള സഹകരണം അസോസിയേഷൻ ഭാരവാഹികളോട് അദ്ദേഹം അവശ്യപ്പെട്ടു.

****************************************************************

## ഇന്ത്യ- ഓസ്ട്രേലിയ ടി - 20

ഇന്ത്യ- ഓസിസ് ടി - 20 പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഓസ്ട്രേലിയയ്ക്ക് വിജയം. 126 റൺസ് വിജയലക്ഷ്യം ഉയർത്തിയ ഇന്ത്യയെ, 13.2 ഓവറിൽ നാല് വിക്കറ്റ് ബാക്കി നിൽക്കേയാണ് ഓസ്ട്രേലിയ പരാജയപ്പെടുത്തിയത്. ടോസ് നഷ്ടപ്പെട്ട് ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യക്ക് 49 റൺസ് എടുക്കുന്നതിനിടെ 5 വിക്കറ്റുകൾ നഷ്ടമായി.

****************************************************************

## ഓഹരി, സ്വർണം

രാജ്യത്തെ ഓഹരിവിപണികൾ ഇന്ന് നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു . സെൻസെക്സ് 466 പോയിൻറ് ഇടിഞ്ഞ് 83,939 ലും, നിഫ്റ്റി 156 പോയിൻറ് താഴ്ന്ന് 25,722 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണവില പവന് 1,320 രൂപ വർധിച്ച് 90,400 രൂപയും, ഗ്രാമിന് 11,300 രൂപയുമായി.

RNU TVPM

****************************************************************

## മുരാരി ബാബു - റിമാൻഡ്

ശബരിമല സ്വർണക്കവർച്ചകേസിലെ രണ്ടാം പ്രതിയും മുൻ ദേവസ്വംബോർഡ് എക്സിക്യൂട്ടീവ് ഓഫീസറുമായ മുരാരി ബാബുവിനെ റാന്നി ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതി റിമാൻഡ് ചെയ്തു. നവംബർ 13 വരെയാണ് റിമാൻഡ് കാലാവധി.

****************************************************************************************************************
****************************************************************